പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1331 30. 09.2011- ലെ മറുപടിക്ക്

**ഗൾഫ് നാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു നിശ്ചിത ശമ്പളം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഗൾഫ് നാട്ടുകളിൽ പണിയെടുക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഒരു നിശ്ചിത ശമ്പളം ലഭിക്കത്തക്കവിധം നിയമം നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (എ) ഗൾഫ് നാട്ടുകളിലെ ജോലിക്ക് നിശ്ചിത ശമ്പളം നൽകാൻ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമ നിർമ്മാണം നടത്തുവാൻ ഇന്ത്യാ ഗവൺമെന്റിന് അധികാരമില്ല. അതിനാൽ ഈ കാര്യത്തിൽ സമ്മർദ്ദം ചെലുത്താൻ കഴിയില്ല. |
| (ബി) ഫിലിപ്പയിൻസ് പോലുള്ള രാജ്യങ്ങളിൽ അവരുടെ എംബസി മറുനാടൻ തൊഴിലാളികൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതുപോലെ, ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ കാലോചിതമായ പരിഷ്കാരം വരുത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ? | (ബി) ഫിലിപ്പൈൻസിൽ നിലവിലുള്ള സുരക്ഷാ പദ്ധതിയെപ്പറ്റി ഇപ്പോൾ വിവരം ലഭ്യമല്ല. ഈ കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ